പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. 235 | 18.02.2016 ൽ മറുപടി<br>നല്കേണ്ടത്. |

**ഭക്ഷ്യ വസ്തുക്കൾ വിപണനം ചെയ്യുന്നവരുടെ രജിസ്ട്രേഷൻ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ബി.ഡി.ദേവസ്സി**<br>**,, കെ.രാധാകൃഷ്ണൻ**<br>**,, ജെയിംസ് മാത്യു**<br>**,, കെ. ദാസൻ** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്നവർക്ക് രജിസ്ട്രേഷനോ ലൈസൻസോ എടുക്കുന്നതിനായി നീട്ടി നൽകിയ സമയപരിധി എന്നാണ് അവസാനിച്ചത്; ബന്ധപ്പെട്ട സ്ഥാപനങ്ങളെല്ലാം രജിസ്ട്രേഷനോ ലൈസൻസോ എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ അനുശാസിക്കും പ്രകാരമുള്ള ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കുന്നതിന്റെ സമയപരിധി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേഴ്സ് അതോറിറ്റി ഓഫ് ഇൻഡ്യ File No. 1/1/ Enf-1/FSSAI/212 (p) എന്ന ഉത്തരവ് പ്രകാരം മേയ് 4 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഭക്ഷ്യഉത്പാദന വിതരണ സംരഭകർക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും എടുക്കുന്നതിന് Food Licensing and Registration System (FLRS) എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം 39275 ലൈസൻസും 130054 രജിസ്ട്രേഷനും 2015-16 ഒന്നാം അർദ്ധ വർഷത്തിൽ കൊടുത്തിട്ടുണ്ട്. ലൈസൻസോ, രജിസ്ട്രേഷനോ ഇല്ലാതെ പുതിയതായി ആരംഭിക്കുന്ന ഭക്ഷ്യഉത്പാദന- വിതരണ കേന്ദ്രങ്ങൾക്ക് എതിരെ 2006 ലെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കാറുണ്ട്. |
| ബി) | രജിസ്ട്രേഷന് അപേക്ഷിക്കുന്നവർക്കെല്ലാം സ്ഥാപന പരിശോധന കൂടാതെ രജിസ്ട്രേഷൻ നൽകുന്ന നിലവിലെ സമ്പ്രദായം രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയുടെ | ബി) | 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുബന്ധചട്ടങ്ങളും അനുസരിച്ച് രാജ്യത്തെ എല്ലാ ഭക്ഷ്യഉത്പാദന വിതരണ സംഭരണ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ലൈസൻസ്/രജിസ്ട്രേഷൻ നൽകുന്നതിനാണ് ഭക്ഷ്യസുരക്ഷ അതോറിറ്റി പ്രാമുഖ്യം നൽകിയിട്ടുള്ളത്. ടി ലൈസൻസോ, രജിസ്ട്രേഷനോ നൽകിയ ശേഷം ആയ |

| | | | |
|---|---|---|---|
| | പ്രസക്തി ഇല്ലാതാക്കിയെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; | | വർക്ക് അവബോധനവും പരിശീലനവും നൽകി മാനദണ്ഡങ്ങൾ പാലിക്കുവാൻ വേണ്ടിയുള്ള നടപടികൾ ഇതിനോടൊപ്പം സംസ്ഥാന വ്യാപകമായി നടത്തുന്നുണ്ട്. ടി നടപടികൾ പ്രാമുഖ്യത്തോടെ കൈകൊള്ളുന്നതിനോടൊപ്പം പരിശോധന നടത്തി നിശ്ചിത മാനദണ്ഢങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| സി | തട്ടുകടകൾ മാത്രമല്ല, ചെറുകിട, വൻകിട ഭക്ഷണശാലകളും ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തട്ടുകടകൾ, ചെറുകിട, വൻകിട ഭക്ഷണശാലകളുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ 2015 നവംബർ 30 വരെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ 20826 റെയ്ഡുകൾ നടത്തുകയും സ്ഥാപനങ്ങളിൽ നിന്ന് 1,00,36,050 രൂപ പിഴയിടാക്കുകയും 9 സ്ഥാപനങ്ങളുടെ ലൈൻസ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | സർക്കാർ പ്രഖ്യാപിച്ചിരുന്ന സുരക്ഷിത ഭക്ഷണ മേഖലകളുടെ പ്രത്യേകതയും അവ എവിടെയൊക്കെ യാഥാർത്ഥ്യമായെന്നും അറിയിക്കുമോ? | ഡി) | സംസ്ഥാന സർക്കാരിന്റെ മിഷൻ 676 ന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പ് സുരക്ഷിത ഭക്ഷണമേഖലകൾ (Safe Food Zone) ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഈ പദ്ധതിയുടെ പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിക്കര ജില്ലാശുപത്രി, ചിറയിൻകീഴ് താലൂക്ക് ആശുപത്രി, തിരുവനന്തപുരം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തി **സുരക്ഷിത ഭക്ഷണ വില്പന മേഖലകൾ** ഉണ്ടാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. രാജ്യത്ത് ആദ്യമായിട്ടാണ് ***"സുരക്ഷിത ഭക്ഷണമേഖല"*** എന്നുള്ള ആശയം ഒരു സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. അതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളും കൃത്യമായി പരിശോധിച്ചതിന് ശേഷം മാത്രമേ ഇത് പൂർണ്ണമായും പ്രയോഗികതലത്തിൽ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനു അനുബന്ധമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ